"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/27312/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 11.12.2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷാ വിഭാഗം - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2018 ന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഈ കാര്യാലയത്തിലെ 04-11-2017, 14-11-2017 എന്നീ തീയതി കളിലെ ഇതേ നമ്പർ വിജ്ഞാപനം.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 28-11-2017 തീയതിയിലെ ജി2/31451/17 നമ്പരായ സർക്കുലർ.

***************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2018 ന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 08-12-2017 ന് നാല് മണിവരെ അനുവദിച്ചിരുന്നു. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി അഭ്യർത്ഥന പരിഗണിച്ച് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2018 ന് 50/- രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്ന തീയതി 14-12-2017 ന് വൈകുന്നേരം നാല് മണി വരെ ദീർഘിപ്പിച്ച് നൽകുന്നു. അപേക്ഷാർത്ഥികളിൽ നിന്നും ലേറ്റ് ഫീസോടുകൂടി അപേക്ഷകൾ 14-12-2017 വരെ സ്വീകരിക്കേണ്ടതും അപേക്ഷകൾ/അബ്സ്ട്രാക്ട് എന്നിവ നോഡൽ ഐ.ടി.ഐ. യിൽ/ഡയറക്ടറേറ്റിൽ സൂചന (2) പ്രകാരം 15-12-2017 ന് മുൻപായി എത്തിക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സ്ഥാപന മേധാവികൾക്കും
വകുപ്പ് വെബ് സൈറ്റ്.

എസ്സ്/11.12